"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് ഭവന പദ്ധതിയിലെ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് അവസാന ഗഡുവായി നൽകേണ്ട സംസ്ഥാന വിഹിതം തുക ആദ്യ ഒന്നും രണ്ടും ഗഡുക്കളായി (40,000/60,000) നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

G.O.(Rt) No.490/2021/LSGD തീയതി,തിരുവനന്തപുരം, 18/02/2021

---

പരാമർശം:- 1 സ.ഉ.(സാധാ) നമ്പർ 2009/2020/തസ്വഭവ തീയതി 25.10.2020.

2 21/12/2020-ാം തീയതിയിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

3 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07/01/2021- ലെ IF4/2304/2018/LIFE(3) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി/പട്ടിക വർഗ്ഗ, മത്സ്യതൊഴിലാളി ഗുണഭോക്താക്കൾക്ക് അവരുടെ വീടിന്റെ നിർമ്മാണം കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് വേണ്ടി അവസാന ഗഡുവായി നൽകേണ്ട സംസ്ഥാന വിഹിതം തുക ആദ്യ ഒന്നും രണ്ടും ഗഡുക്കളായി നൽകുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ഇതേ സാഹചര്യം ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കും നിലനിൽക്കുന്നതിനാൽ ലൈഫ് ഭവനപദ്ധതിയിലെ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കും അവസാന ഗഡുവായി നൽകേണ്ട സംസ്ഥാന വിഹിതം ആദ്യ ഒന്നും, രണ്ടും (പാർട്ട്) ഗഡുക്കളായി നൽകുന്നതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി കൊണ്ട് പരാമർശം രണ്ട് പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം 3 പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് ഭവന പദ്ധതിയിലെ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്കും അവസാന ഗഡുവായി നൽകേണ്ട സംസ്ഥാന വിഹിതം തുക ആദ്യ ഒന്നും രണ്ടും (പാർട്ട്) ഗഡുക്കളായി (40,000/60,000) നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എസ്.എ), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by REENAMMA P A
Date: 2021.02.19 11:12:05 IST
Reason: Approved

സെക്ഷൻ ഓഫീസർ